# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/1568/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 08/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ (AIMS മുഖേന)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം (ഉപരിപത്രം സഹിതം).

നമ്പർ: KSA KLM P4/1568/2023 തീയ്യതി: 08/11/2023

## കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2023 മുതൽ 17-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-03-2023 മുതൽ 31-07-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി റ്റി. സിന്ധു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺജിത്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽകുമാർ. യു. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജയദേവി മോഹൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി രമ്യ.സി | സെക്രട്ടറി | 01-04-2022 | 30-04-2022 |
| ശ്രീമതി ലീന എൽ. | സെക്രട്ടറി | 01-05-2022 | 10-05-2022 |
| ശ്രീ.ദിനിൽ ആർ. | സെക്രട്ടറി | 11-05-2022 | 01-07-2022 |
| ശ്രീ.സക്കീർ ഹുസൈൻ എസ്. | സെക്രട്ടറി | 02-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രാജി.ബി.റ്റി | കൃഷി അസ്സി.ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഹസീന.എ | അസ്സി. എക്സി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രിയ.കെ.ജി. | അസ്സി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.സീമ ശിവാനന്ദ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീ.സുനിൽകുമാർ.എസ്.എൽ. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.കണ്ണനുണ്ണി.പി.എസ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 15-09-2022 |
| ശ്രീ.നജീം എസ്. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 16-09-2022 | 10-10-2022 |
| ശ്രീമതി വീണ വി. | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 11-10-2022 | 31-03-2023 |
| ശ്രീമതി അലീമ.എസ് | ശിശുവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീദേവി അമ്മ | ശിശുവികസന | 01-04-2022 | 31-05-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി അലീമ.എസ് | ശിശുവികസന ഓഫീസർ (I/c) | 01-06-2022 | 05-06-2022 |
| ശ്രീമതി ഷീല റ്റി. | ശിശുവികസന ഓഫീസർ | 06-06-2022 | 31-03-2023 |
| ശ്രീമതി മഞ്ജു.ഒ.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 07-06-2022 |
| ശ്രീ.അനു ആർ.ബാബു | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-06-2022 | 11-07-2022 |
| ശ്രീ.ജോൺ വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 12-07-2022 | 31-03-2023 |
| ശ്രീമതി ഷൈനി,എൽ.കെ | സൂപ്രണ്ട്, ഗവ.വൃദ്ധസദനം | 01-04-2022 | 12-06-2022 |
| ശ്രീ.മോഹനൻ ബി. | സൂപ്രണ്ട്, ഗവ.വൃദ്ധസദനം | 12-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രികയോടൊപ്പംഅക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക കണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല | 1-1-1 |
| 3 | കേന്ദ്ര ധനകാര്യ കമ്മീഷന്‍ വിഹിതത്തിന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാര്‍ഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയില്‍ രജിസ്റ്റര്‍ പരിപാലിക്കുന്നില്ല. | 1-1-3 |
| 5 | ക്യാപിറ്റല്‍ വര്‍ക്ക് ഇന്‍ പ്രോഗ്രസ്-തുക കൃത്യമല്ല | 1-1-4 |
| 6 | MGNREGS അക്കൗണ്ട് വാര്‍ഷികകണക്കുകളില്‍ ഉള്‍പ്പെടുത്തിയില്ല | 1-1-5 |
| 7 | വാടക ഇനത്തിലുള്ള ഡിമാന്റ്, വരവ്, കുടിശ്ശിക - രജിസ്റ്ററില്‍ വാര്‍ഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | വാര്‍ഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും, ബാങ്ക് പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വാടകയിനത്തിലുള്ള വരവ് തെറ്റായ ശീര്‍ഷകത്തില്‍ ഉള്‍പ്പെടുത്തി | 1-1-8 |
| 10 | പി.എം.എ.വൈ പദ്ധതിയുടെ പൂര്‍ണ്ണമായ ചെലവ് സുലേഖ പത്രികയില്‍ ഉള്‍പ്പെട്ടിട്ടില്ല | 1-1-9 |
| 11 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകള്‍ Web Saankhya ACR ല്‍ നിന്നും ഒഴിവാക്കിയില്ല | 1-1-10 |
| 12 | ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിലുള്ള ചെലവ് വാര്‍ഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്യാഷ് പരിശോധന | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-9 |
| 21 | നിയമാനുസൃതമായ നിരക്കില്‍ GST  ഈടാക്കുന്നില്ല | 1-10 |
| 22 | അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് - വാടകകുടിശ്ശിക 36.09 ലക്ഷം രൂപ | 1-11 |
| 23 | സബ്‌രജിസ്ട്രാര്‍ ഓഫീസിന്റെ വാടക ഈടാക്കി തുടങ്ങിയില്ല | 1-12 |

| | | |
|---|---|---|
| 24 | പഠനമുറി നിർമ്മാണം - അനധികൃത കെട്ടിടത്തിൽ അധിക നിർമ്മിതിക്ക് ആനുകൂല്യം നല്കി | 1-13 |
| 25 | പഠനമുറി നിർമ്മാണം - രണ്ടു ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-14 |
| 26 | പത്താംതരം, പതിനൊന്നാംതരം, പന്ത്രണ്ടാം തരം തുല്യത, സാക്ഷരതാ തുല്യതാ പഠിതാക്കൾക്ക് ധനസഹായം - അനർഹർക്ക് ആനുകൂല്യം നൽകി | 1-15 |
| 27 | പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും നാളിതുവരെ പ്രവർത്തിച്ചിട്ടില്ല. | 1-16 |
| 28 | ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ - പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനത്തിന് അടിസ്ഥാന സൌകര്യം ഒരുക്കുന്നതിന് അധിക സബ്സിഡി അനുവദിച്ചു. | 1-17 |
| 29 | പോഷകശ്രീ വനിത - സബ്സിഡി ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 1-18 |
| 30 | ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-19 |
| 31 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-20 |
| 32 | ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല | 1-21 |
| 33 | വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാധനങ്ങളുടെ വിലയായ 1,15,826/- രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 34 | മരാമത്ത് പ്രവൃത്തിയ്ക്കായി കരാറുകാരൻ ഇൻഷ്വറൻസ് എടുത്തില്ല | 1-23 |
| 35 | മരുന്ന് കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയില്ല - 13,52,244/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 36 | മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം കരാറുകാരൻ ഉപേക്ഷിച്ചു - തുടർ നടപടികൾ അനിവാര്യം | 1-25 |
| 37 | സർക്കാർ ഉത്തരവ് പാലിക്കാതെ സിഡ്കോയിൽ നിന്ന് സാധനങ്ങൾ വാങ്ങിയ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പത്താംതരം, പതിനൊന്നാംതരം, പന്ത്രണ്ടാം തരം തുല്യത, സാക്ഷരതാ തുല്യതാ പഠിതാക്കൾക്ക് ധനസഹായം - അനർഹർക്ക് ആനുകൂല്യം നൽകി | 3-1 |
| 2 | പോഷകശ്രീ വനിത - സബ്സിഡി ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 3-2 |
| 3 | ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ - പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനത്തിന് അടിസ്ഥാന സൌകര്യം ഒരുക്കുന്നതിന് അധിക സബ്സിഡി അനുവദിച്ചു. | 3-3 |

| | | |
|---|---|---|
| 4 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല. | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 12.07.2023-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ IV (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 13.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൌണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പംഅക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടം 65 പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ ഉൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, പ്രധാന അനുപാതങ്ങൾ എന്നിവ സമർപ്പിക്കേണ്ടതാണ്. എന്നാൽ മേൽ വിവരിച്ചവ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ബി-4 Grants & Contribution For Specific Purposes എന്ന ഷെഡ്യൂളിലെ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ നീക്കിയിരിപ്പ് RP 40(b) യിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. As Per B4 Schedule Closing Balance Is 4895447 And As Per RP 40(b) Closing Balance Is 4904443. ജി.എസ്.ടി. ഇനത്തിൽ തിരികെ ലഭിച്ച 8,996/- രൂപയാണ് (6644+1568+784) വ്യത്യാസമായി നിലനിൽക്കുന്നത്.

1-1-3 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല.

ബി-4 Grants & Contribution For Specific Purposes എന്ന ഷെഡ്യൂളിലെ Literacy Schme Grant, LAD M.P, LAD M.L.A, CFC Tied, CFC Untied എന്നീ അക്കൗണ്ടുകളുടെ ഒഴികെയുള്ളവയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾസൂക്ഷിച്ചിട്ടില്ല.

1-1-4 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-തുക കൃത്യമല്ല

ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിട്ടുള്ള 19,99,013/- രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. RP40 ൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 12,10,608/- ആണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-5 MGNREGS അക്കൗണ്ട് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയില്ല

MGNREGS ന വേണ്ടി ഇന്ത്യൻ ബാങ്കിന്റെ കേരളപുരം ശാഖയിൽ ആരംഭിച്ച 772786356 നമ്പർ അക്കൗണ്ട് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 വാടക ഇനത്തിലുള്ള ഡിമാന്റ്, വരവ്, കുടിശ്ശിക - രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വാടകയുടെ ഡിമാന്റ്, വരവ്, കുടിശ്ശിക എന്നിവയുടെ സംക്ഷിപ്തം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തന്മൂലം ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

1-1-7 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും, ബാങ്ക് പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

പേരയം സർവ്വീസ് സഹകരണ ബാങ്കിന്റെ (SB A/c 3194), Treasury Own Fund-BPFA1-2 എന്ന അക്കൗണ്ടുകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും, ബാങ്ക് പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ 1600/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. സെമിനാർ ഹാളിന്റെ വാടകയിനത്തിൽ ലഭിച്ച 1600/- രൂപ അക്കൗണ്ട് ചെയ്തതിലെ പിശകാണ് ഈ അപാകതക്ക് കാരണം.

1-1-8 വാടകയിനത്തിലുള്ള വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയിനത്തിൽ തൻവർഷം ലഭിച്ച തുക 431400101 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതിന് പകരം 130100101 എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1-1-9 പി.എം.എ.വൈ പദ്ധതിയുടെ പൂർണ്ണമായ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

പി.എം.എ.വൈ പ്രോജക്ട് നം. 53/23 (ജനറൽ) - ഗ്രാമപഞ്ചായത്ത് വിഹിതം 18,20,000/- രൂപയുടെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
പി.എം.എ.വൈ പ്രോജക്ട് നം. 55/23 (എസ്.സി.പി ) 13,30,000/- രൂപയുടെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1-1-10 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല

2022-23 സാമ്പത്തിക വർഷം വികസനഫണ്ട് (ജനറൽ) നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചതിൽ പേയ്മെന്റ് ആകാത്ത ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | പ്രോജക്റ്റ് നം. | തുക (രൂപ) | ബിൽ നം./തീയതി |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 112/23 | 7,35,111/- | 398/31.3.23 |

### 1-1-11 ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിലുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

സുലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിലുള്ള ചെലവ് 54,88,000/- രൂപയാണ്. എന്നാൽ വാർഷിക കണക്ക പ്രകാരം 55,84,901/- (I-6) രൂപയാണ്.

### 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 25.03.2022- തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 50,00,00,000/- രൂപ വരവും 49,94,77,902/- രൂപ ചെലവും 5,22,098/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് കമ്മറ്റി അംഗീകരിച്ചിട്ടുള്ളത്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10877372/- രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 7,99,22,827/- രൂപ |
| ആകെ | 9,08,00,199/- രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,00,65,948/- രൂപ |
| നീക്കിയിരിപ്പ് | 1,07,34,251/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17,80,000/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,40,605/- രൂപ |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,25,96,000/- | 2,25,96,000/- | 2,00,04,226/- | 25,91,774/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2,00,87,000/- | 2,00,87,000/- | 1,68,74,849/- | 32,12,151/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied-ട്രഷറി | 0 | 8,96,755/- | 8,96,755/- | 8,33,307/- | 63,448/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് UnTied-ട്രഷറി | 0 | 1,69,608/- | 1,69,608/- | 1,54,108/- | 15,500/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ് - ബാങ്ക് | 6,99,363/- | 38,20,142/- | 45,19,505/- | 38,63,716/- | 6,55,789/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പെർഫോർമൻസ് ഗ്രാന്റ് - ബാങ്ക് | 29,95,284/- | 54,65,000/- | 84,60,284/- | 42,11,630/- | 42,48,654/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 86,09,000/- | 86,09,000/- | 83,80,166/- | 2,28,834/- |
| അഡ്മിനിസ്ട്രേറ്റീവ് ഭണ്ട്-പോവർട്ടി അലീവിയേഷൻ | 274/- | 8/- | 282/- | 0 | 282/- |
| ഐ.എ.വൈ | 17,65,465/- | 1,15,029/- | 26,97,695/- | 9,32,230/- | 7,94,363/- |
| റ്റി.എസ്.സി | 9,06,195/- | 91,430/- | 9,97,625/- | 0 | 9,97,625/- |
| സാക്ഷരത | 2,82,442/- | 2,82,442/- | 2,82,442/- | 0 | 2,82,442/- |
| എം.പി എൽ.എ.ഡി | 1,35,100/- | 23,11,692/- | 24,46,792/- | 22,71,681/- | 1,75,111/- |

| | | | | | |
|---|---|---|---|---|---|
| എം.എൽ.എ-എസ്.ഡി.എഫ് | 95,881/- | 1,610/- | 97,491/- | 0 | 97,491/- |
| ഐ.എ.വൈ സെൻട്രൽ ഫണ്ട് | 400/- | 12/- | 412/- | 0 | 412/- |
| നിർമ്മൽ പുരസ്കാർ | 7,60,351/- | - | 7,60,351/- | - | 7,60,351/- |
| കില ട്രെയിനിംഗ് ഫണ്ട് | 1,545/- | 42,940/- | 44,485/- | 39,706/- | 4,779/- |
| ശുചിത്വമിഷൻ വിഹിതം | 1,20,732/- | 437/- | 1,21,169/- | 1,10,277/- | 10,892/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 10,03,44,302/- | 71 | 6,24,95,070/- | 0 | 26 | 73.19 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,74,592/- | 9,04,732/- | 10,79,324/- | 6,08,320/- | 4,71,004/- |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.8.23 ന് 02.40Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2,555/- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

ആസ്തി രജിസ്റ്ററിൽ എൻജിനീയറിംഗ് വിഭാഗം പ്രവൃത്തികളുടേയും, പർച്ചേസുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാന നിരീക്ഷണങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.
1. അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് - വാടകകുടിശ്ശിക 36.09 ലക്ഷം രൂപ (ഖണ്ഡിക 1-11 കാണുക )
2. പഠനമുറി നിർമ്മാണം - അനധികൃത കെട്ടിടത്തിൽ അധിക നിർമ്മിതിക്ക് ആനുകൂല്യം നല്കി (ഖണ്ഡിക 1-13 കാണുക )
3. പത്താംതരം, പതിനൊന്നാംതരം, പന്ത്രണ്ടാം തരം തുല്യത, സാക്ഷരതാ തുല്യതാ പഠിതാക്കൾക്ക് ധനസഹായം - അനർഹർക്ക് ആനുകൂല്യം നൽകി (ഖണ്ഡിക 1-15 കാണുക )
4. പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും നാളിതുവരെ പ്രവർത്തിച്ചിട്ടില്ല. (ഖണ്ഡിക 1-16 കാണുക )
5. പോഷകശ്രീ വനിത-സബ്സിഡി ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി (ഖണ്ഡിക 1-18 കാണുക )
6. മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം കരാറുകാരൻ ഉപേക്ഷിച്ചു-തുടർ നടപടികൾ അനിവാര്യം (ഖണ്ഡിക 1-25 കാണുക )
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ/അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച റോഡ് നിർമ്മാണ പ്രവൃത്തികളിൽ റോഡിന്റെ Width സർട്ടിഫിക്കറ്റ്, ആസ്തി രജിസ്റ്ററിന്റെ പകർപ്പ് എന്നിവ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ച ഓവർസീയർമാരുടെ സൂപ്പർവൈസറി സർട്ടിഫിക്കറ്റ് ഇല്ല.

നടപ്പാക്കിയ പ്രോജക്ടുകളുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിൽ ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ശ്രദ്ധ പതിപ്പിക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും വേണ്ട രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ബ്ലോക്ക്പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.6.19 | 2015-16 To 2018-19 | 29.7.19 |
| പെർഫോർമൻസ് ഓഡിറ്റ് | 25.10.22 To 2.11.22 | 2021-22 | 24.05.2023 |

## 1-10 നിയമാനുസൃതമായ നിരക്കിൽ GST ഈടാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ സെമിനാർ ഹാളിന്റെ വാടകയോടൊപ്പം നിയമാനുസൃതമായ നിരക്കിൽ GST ഈടാക്കുന്നില്ല. 2017-ലെ ചരക്ക് സേവന നികുതി നിയമ പ്രകാരം വാടകയോടൊപ്പം 18% നിരക്കിൽ ജി.എസ്.ടി ഈടാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 12% നിരക്കിൽ മാത്രമാണ് ജി.എസ്.ടി ഈടാക്കിയിട്ടുള്ളത്. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും നിയമാനുസൃതമായ നിരക്കിൽ നികുതി ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| 2022-23 വർഷത്തെ ആകെ വരവ് | ഈടാക്കിയ തുക (12% നിരക്കിൽ) | ഈടാക്കേണ്ട തുക (18% നിരക്കിൽ) | കുറവ് |
|---|---|---|---|
| 34,750/- രൂപ | 4,170/- രൂപ | 6,255/- രൂപ | 2,085/- രൂപ |

ജി.എസ്.റ്റി. ഇനത്തിൽ കുറവായി ഈടാക്കിയ തുക 2022-23 സാമ്പത്തിക വർഷം സെക്രട്ടറിയായി സേവനമനുഷ്ഠിച്ചവരിൽ നിന്നും ആനുപാതികമായി ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-11 അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് - വാടകകുടിശ്ശിക 36.09 ലക്ഷം രൂപ

ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകയിനത്തിൽ 36.09 ലക്ഷം രൂപ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| റൂം നം. | പേര് | വാടക നിരക്ക് (രൂപ) | കുടിശ്ശിക (രൂപ) (G.S.T ഉൾപ്പടെ) (31.03.2023 വരെ) |
|---|---|---|---|
| 1, 2 | ഗ്രാമ്യ സൂപ്പർ മാർക്കറ്റ് | 12,089.91/- | 4,48,381/- |
| 3 | ആധാരം എഴുത്ത് ആഫീസ് | 4,029.63/- | 29,958/- |
| 4 | ആധാരം എഴുത്ത് ആഫീസ് | 4,029.63/- | 59,915/- |
| 5 | ബ്യൂട്ടി പാർലർ | 4,029.63/- | 1,23,473/- |
| 6. | ഡി.റ്റി.പി.സെന്റർ | 4,029.63/- | 1,22,470/- |
| 7 | ആധാരം എഴുത്ത് ആഫീസ് | 4,029.63/- | 59,915/- |
| 8 | സ്റ്റാമ്പ് പേപ്പർ വില്പന. | 2,571.03/- | 38,232/- |
| 9 | ബ്യൂട്ടി പാർലർ | 2,822.4/- | 81,691/- |

| | | | |
|---|---|---|---|
| 10, 11 | റൂറൽ സാനിട്ടറി മാർട്ട്, IIT | 5,761.66/- | 12,12,495/- |
| 12, 13 | | 5,992.08/- | 2,77,146/- |
| 16 | | 6,913.77/- | 3,19,774/- |
| 14 | ടെയ് ലെറിംഗ് (ജയശ്രീ ) | 3,353.80/- | 1,36,115/- |
| 4 | പ്രസ്സ് സെന്റർ (ഫസ്റ്റ് ഫ്ലോർ) | 2,906.19/- | 1,12,786/- |
| 6 | സീനിയർ സിറ്റിസൺ (ഫസ്റ്റ് ഫ്ലോർ ) | 3,257.98/- | 1,13,870/- |
| 5 | ജീവനി (ഫസ്റ്റ് ഫ്ലോർ ) | 2,738.61/- | 1,02,019/- |
| 1 | ആധാരം എഴുത്ത് ആഫീസ് (ഫസ്റ്റ് ഫ്ലോർ) | 3,195/- | 3,960/- |
| 2 | ക്ഷീരോൽപാദക സഹകരണ സംഘം | 9,824.37/- | 3,66,850/- |
| ആകെ | | | 36,09,050/- |

വാടക കുടിശ്ശിക ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി നൽകി. വാടക കുടിശ്ശിക ഈടാക്കി തനതുഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 2/21.08.2023

## 1-12 സബ്‌രജിസ്ട്രാർ ഓഫീസിന്റെ വാടക ഈടാക്കി തുടങ്ങിയില്ല

അഞ്ചാലംമൂട് ഷോപ്പിംഗ് കോംപ്ലക്സിലെ ഗ്രൌണ്ട്ഫ്ലോറിലെ റൂം നമ്പർ 15 ൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും നാളിതുവരെയും വാടക ഈടാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തുകമ്മിറ്റിയുടെ 12.2-13ലെ II (1) തീരുമാനപ്രകാരമാണ് സബ് രജിസ്ട്രാർ ഓഫീസിന് പി.ഡബ്ല്യു.ഡി നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. 124.5 ച.മീ. വിസ്തീർണ്ണമുള്ള സബ് രജിസ്ട്രാർ ഓഫീസിന് പി.ഡബ്ല്യു.ഡി നിരക്കിൽ (156/ച.മീ.) പ്രതിമാസം ഈടാക്കേണ്ട വാടക തുക 19,422/- രൂപയാണ്. തഹസീൽദാർ നൽകേണ്ട ഭൂമിമൂല്യ സാക്ഷ്യപത്രം ലഭിക്കാത്തത് മൂലമാണ് സ്ഥാപനവുമായി കരാറിൽ ഏർപ്പെടാനും, വാടക ഈടാക്കാനും സാധിക്കാത്തതെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മുഖേന തുടർനടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം. 2/21.08.22

## 1-13 പഠനമുറി നിർമ്മാണം - അനധികൃത കെട്ടിടത്തിൽ അധിക നിർമ്മിതിക്ക് ആനുകൂല്യം നല്കി

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം അനധികൃത കെട്ടിടത്തിൽ പഠനമുറി നിർമ്മാണത്തിനായി ഗുണഭോക്താവിന് രണ്ട് ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര്, വിലാസം | കെട്ടിട നം., ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക ₹ | ബിൽ നം., തീയതി |
|---|---|---|---|
| ശ്രീ. സുനിൽ, ശ്രീനിലയം, വെള്ളിമൺ | 2/UA9/391, പെരിനാട് | 2,00,000/- | 10/17.01.23<br>24/13.02.23<br>40/29.03.23 |

ഈ വിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 8/22-23, 22.08.23) നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഗ്രാമസഭ മുഖേന ലഭിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട

ഗുണഭോക്താവിനാണ് ആനുകൂല്യം നല്കിയതെന്നും പ്രസ്തുത കെട്ടിടം അനധികൃത നിർമ്മിതിയാണെന്നത് ശ്രദ്ധയിൽപ്പെട്ടില്ലായെന്നുമാണ് പറഞ്ഞിട്ടുള്ളത്.

കെട്ടിടം നിയമാനുസൃതം ക്രമവൽക്കരിക്കാത്തതിനാൽ അനധികൃത കെട്ടിടത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് നടത്തിയ ചെലവ് തടസ്സപ്പെടുത്തുന്നു.
തടസ്സപ്പെടുത്തുന്ന തുക – 2,00,000/- രൂപ

## 1-14 പഠനമുറി നിർമ്മാണം - രണ്ടു ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം (നം.89/23) ആദ്യ രണ്ടു ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പഠനമുറി നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് രണ്ട് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര്, വിലാസം ശ്രീ / ശ്രീമതി | ബിൽ നം., തുക നല്കിയ തീയതി / കരാർ തീയതി | അനുവദിച്ച തുക ₹ | ബാക്കി തുക ₹ |
|---|---|---|---|
| ജീന പി ഗോവിന്ദ് | 13/19.09.22 | 50,000/- | - |
| | 22/08.02.23 | 75,000/- | 75,000 |

ഈ വിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 8/22-23 22.08.23) നുള്ള മറുപടിയിൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗുണഭോക്താവിന് നിർദ്ദേശം നല്കിയിരുന്നെന്നും എന്നാൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്.

പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുക 1,25,000/- രൂപ തടസ്സപ്പെടുത്തുന്നു. പഠനമുറി നിർമ്മാണം പൂർത്തിയാക്കി രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാത്തപക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 1,25,000/- രൂപ

## 1-15 പത്താംതരം, പതിനൊന്നാംതരം, പന്ത്രണ്ടാം തരം തുല്യത, സാക്ഷരതാ തുല്യതാ പഠിതാക്കൾക്ക് ധനസഹായം - അനർഹർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി, നം. | പത്താംതരം, പതിനൊന്നാംതരം, പന്ത്രണ്ടാം തരം തുല്യത, സാക്ഷരതാ തുല്യതാ പഠിതാക്കൾക്ക് ധനസഹായം (41/23) |
| അടങ്കൽ തുക | 1,00,000/- രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 99,700/- രൂപ (57/29.2.23) |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തുടർ സാക്ഷരതാ പരിപാടി പദ്ധതിയിൽ പത്താം തരം തുല്യത പരീക്ഷയ്ക്കായി 12 പഠിതാക്കൾക്ക് 1,850/- രൂപ നിരക്കിൽ 22,200/- രൂപയും പതിനൊന്നാം തരം തുല്യത പരീക്ഷയ്ക്കായി 31 പഠിതാക്കൾക്ക് 2,500/- രൂപ നിരക്കിൽ 77,500/- രൂപയും ഉൾപ്പടെ ആകെ 99,700/- രൂപ സാക്ഷരതാ മിഷനിൽ 2022-23 സാമ്പത്തിക വർഷം ഒടുക്കിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. പതിനൊന്നാംതരം തുല്യതാ പഠിതാക്കളിൽ ഒരു ഗുണഭോക്താവായ ശ്രീ ജിതിൻ ജെ, കുഴിവിള മേലതിൽ, പ്രാക്കുളം, തൃക്കരുവ എന്ന വ്യക്തി പട്ടികജാതി വിഭാഗത്തിൽ പെട്ടതാണ് എന്ന് ഹാജരാക്കിയ രേഖകളിൽ കാണുന്നു. സർക്കാർ നിർദ്ദേശാനുസരണം പട്ടികജാതി വിഭാഗത്തിൽ പെടുന്ന ഗുണഭോക്താക്കളുടെ കോഴ്സ്

ഫീസായ 2,500/- രൂപ പട്ടികജാതി വകുപ്പ് തന്നെ നിർവഹിക്കുമെന്ന് ഉള്ളതിനാൽ തദ്ദേശസ്ഥാപനത്തിൽ നിന്ന് തുക ചെലവഴിക്കേണ്ടതില്ല (സർക്കുലർ നം. 48360/എഫ്.എം.1/2009/ത.സ്വ.ഭ.വ. 6.10.2009).

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് സാക്ഷരതാ പ്രേരക്മാർ നൽകിയ പതിനൊന്നാംതരം പഠിതാക്കളുടെ ലിസ്റ്റിൽ ജൂൻസി എം, പുത്തൻവിള കിഴക്കതിൽ, തൃക്കരുവ എന്ന ജനറൽ വിഭാഗം പഠിതാവിന് പകരം ജിതിൻ ജെ, പ്ലാവിള മേലതിൽ എന്ന എസ്.സി വിഭാഗം പഠിതാവിന്റെ പേര് തെറ്റായി ഉൾപ്പെടുത്തിയതാണ് എന്ന് സാക്ഷരതാ പ്രേരക് അറിയിച്ചിട്ടുണ്ട് എന്നാണ്. എന്നാൽ അഞ്ചാലുംമൂട് വികസന വിദ്യാകേന്ദ്രത്തിലെ പ്രേരകിന്റെ പഠിതാക്കളുടെ ലിസ്റ്റിൽ ജൂൻസി എം,പുത്തൻവിള കിഴക്കതിൽ, തൃക്കരുവ എന്ന ജനറൽ വിഭാഗം പഠിതാവ് ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.
മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പട്ടികജാതി വിഭാഗത്തിൽ പെട്ട ഗുണഭോക്താവായ ജിതിൻ ജെ, പ്ലാവിള മേലതിൽ എന്ന ഗുണഭോക്താവിനായി ഒടുക്കിയ കോഴ്സ് ഫീസായ 2,500/- രൂപ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.
നിരാകരിച്ച തുക - 2,500/- രൂപ
ഓഡിറ്റ് എൻക്വയറി നം. 1/21.8.23

## 1-16 പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും നാളിതുവരെ പ്രവർത്തിച്ചിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് എന്ന പദ്ധതിയ്ക്കായി 19,77,504/- രൂപ ചെലവഴിച്ച് സ്ഥാപിച്ച ആർ.ആർ.എഫ് ഭൗതിക സാഹചര്യങ്ങൾ എല്ലാം ഒരുക്കിയെങ്കിലും (Resource Recovery Facilitation Centre) നാളിതുവരെ തുറന്ന് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ഈ പദ്ധതിയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് | ആകെ ചെലവ് |
|---|---|---|
| സെക്രട്ടറി | ആർ.ആർ.എഫ് മെഷ്യൻ വാങ്ങലും അനുബന്ധസജ്ജീകരണങ്ങൾ ഒരുക്കലും | 8,08,500/- (2021-22)<br>4,60,613/- (2022-23) |
| അസിസ്റ്റന്റ് എഞ്ചിനീയർ | ആർ.ആർ.എഫ് കെട്ടിടനിർമ്മാണം | 7,08,391/- |

ആർ.ആർ.എഫ് മെഷ്യൻ വാങ്ങലും അനുബന്ധസജ്ജീകരണങ്ങൾ ഒരുക്കലും എന്ന പ്രോജക്ട് പ്രകാരം ഉള്ള ചെലവ് താഴെ പറയും പ്രകാരം ആണ്.

| ഇനം | വിതരണം ചെയ്ത, സ്ഥാപിച്ച സ്ഥാപനം | ഇൻവോയ്സ് നമ്പർ | തുക(രൂപ) | ബിൽ നമ്പർ |
|---|---|---|---|---|
| ബെയിലിംഗ് മെഷ്യൻ | ക്ലീൻ കേരള കമ്പിനി | 20/18-1-22 | 5,56,500/- | XVFC/2021-22/P/1225 /1/22- |
| ഡസ്റ്റ് റിമൂവർ | ക്ലീൻ കേരള കമ്പിനി | 34/3-3-22 | 2,52,000/- | XVFC/2021-22 /P/25,26/3/22 |
| ഇലക്ട്രിഫിക്കേഷൻ | ആർ.കെ. ഇലക്ട്രിക്കൽസ്, ടെണ്ടർ | - | 80,714/- | XVFC/2022-23 /P/20,1-9-22 |
| ത്രീഫേസ് ആന്റ് സി.യു.ജി മീറ്റർ സ്ഥാപിക്കൽ | സതീഷ് കമാർ ടെണ്ടർ | - | 1,04,404/- | XVFC/2022-23 /P/21,1-9-22 |

| | | | | |
|---|---|---|---|---|
| സ്റ്റീൽ ഇനങ്ങൾ വാട്ടർ പ്യൂരിഫയർ | സിഡ്കോ | PRF SSEKLM/P1 /21-22/643/ 14-3-22 | 82,280/- | XVFC/2022-23/P/3, 13-6-22 |
| വെയിംഗ് മെഷ്യൻ | വെസ്റ്റേൺ സ്കെയിൽസ് &സിസ്റ്റംസ് | 296/24-3-22 | 10,000/- | XVFC/2022-23/P/3, 13-6-22 |
| പ്ലാസ്റ്റിക് റോപ്പ് 500KG പ്ലാസ്റ്റിക് കട്ട 10 | ന്യൂസ്റ്റോർ ,കുണ്ടറ | G-14897/30-3-22 G-ഇൻവോയ്സ് നമ്പർ വ്യക്തമല്ല/2-4-22 | 99,500/- | XVFC/2022-23/P/3, 13-06-2022 |
| ഫയർ എക്സ്റ്റിങ്ഗ്യൂഷർ | ഊർജ്ജം കൺസെപ്റ്റ്സ് | URM/21-22095/ 26-3-22 | 5,251/- | XVFC/2022-23 /P/3,13-6-2022 |
| ഇരുമ്പ് ഇനങ്ങൾ (ഡസ്ക്, ബഞ്ച്, സ്റ്റൂൾ) | പവനൻ, ടെണ്ടർ | - | 64,724/- | XVFC/2022-23/P/3, 13-6-22 |
| കെ.എസ്.ഇ.ബി | | | 12,980/- | XVFC/2022-23/P/3, 13-6-22 |
| മറ്റിനം | | | 760/- | XVFC/2022-23/P/9, 18-6-22 |
| കെട്ടിട നിർമ്മാണം | | | 7,08,391/- | |
| | | ആകെ | 19,77,504/- | |







പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് മെഷ്യൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തുകളിൽ ആർ.ആർ.എഫ്. സംവിധാനം സ്ഥാപിക്കണമെന്നുള്ള ഗവൺമെന്റ് നിർദ്ദേശത്തെ തുടർന്ന് കെട്ടിടം നിർമ്മിച്ച് അനുബന്ധസൌകര്യങ്ങൾ ഒരുക്കി. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള എഴ് ഗ്രാമപഞ്ചായത്തുകളിൽ നാല് എണ്ണത്തിന് സ്വന്തമായി ആർ.ആർ.എഫ് ഉള്ളതിനാലും ബാക്കി മൂന്ന് പഞ്ചായത്തുകളിൽ നിലവിൽ പ്ലാസ്റ്റിക് മാലിന്യം തരം തിരിക്കാതെ ക്ലീൻ കേരളാ കമ്പനി കൊണ്ടു പോകുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആർ ആർ.എഫിൽ പ്ലാസ്റ്റിക് മാലിന്യം ഗ്രാമപഞ്ചായത്തിൽ നിന്നും എത്തിക്കുന്നില്ല. ആയതിനെ തുടർന്ന് ശുചിത്വമിഷൻ ജില്ലാ കോഓർഡിനേറ്റർ, ഹരിത കേരളാ മിഷൻ

കോ ഓർഡിനേറ്റർ വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവരുടെ നേതൃത്വത്തിൽ ആർ.ആർ.എഫ് ക്ലീൻകേരളാ കമ്പിനി നേരിട്ട് നടത്തുന്നതിന് തീരുമാനമായി. ഇതിനുവേണ്ടി നിരവധി തവണ ക്ലീൻ കേരളാ കമ്പനിയുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് ആർ.ആർ.എഫ് കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന് കൈമാറാനാണ് നിർദ്ദേശം ലഭിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് കമ്മിറ്റിയിൽ ഈ വിഷയം പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. 14-2-23 തീയതിയിലെ 8(1) നമ്പർ തീരുമാനപ്രകാരം വൈദ്യുതി കണക്ഷൻ താൽക്കാലികമായി വിച്ഛേദിക്കാൻ തീരുമാനിച്ചിരുന്നു.

മേൽ വിഷയങ്ങൾ ചൂണ്ടി കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് RRF കിഴക്കേ കല്ലട പഞ്ചായത്തിന് കൈമാറാനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ് എന്നാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 19,77,504/- രൂപ ചെലവഴിച്ച് നിർമ്മിച്ച ആർ.ആർ.എഫ് ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമില്ലാത്തതും, ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യതയായി മാറുന്ന അവസ്ഥയാണ്. സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി ആസൂത്രണം ചെയ്ത് കെട്ടിടവും മെഷിനറിയും സ്ഥാപിച്ചതിലൂടെ ധനദുർവ്യയം നടത്തിയതിനാൽ ആകെ ചെലവ് തുകയായ 19,77,504/- രൂപയിൽ 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-31, 3-3 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ 5,56,500/- രൂപയും നിരാകരിച്ച 2,52,000/- രൂപയും കുറച്ച് കെട്ടിട നിർമ്മാണത്തിനും, മെഷിനറിക്കും മറ്റും ചെലവ് ചെയ്ത 11,69,004/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 4/22-8-23
തടസപ്പെടുത്തിയ തുക - 11,69,004/- രൂപ
(മുൻ വർഷ റിപ്പോർട്ട് ഖ. 1-31, 3-3)

## 1-17 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ - പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനത്തിന് അടിസ്ഥാന സൌകര്യം ഒരുക്കുന്നതിന് അധിക സബ്സിഡി അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പദ്ധതിയുടെ പേരും, നമ്പരും | BLFO യ്ക്ക് അടിസ്ഥാന സൌകര്യം ഒരുക്കൽ, 60/23 |
| അടങ്കൽ തുക | 1,00,000/- രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 1,00,000/- രൂപ<br>(ബിൽ നം. 2/3.1.23 – 53,335/-<br>- 3/12.1.23 – 5,980/-<br>- 4/31.1.23 – 5,446/-<br>- 6/31.1.23 – 35,239/- ) |

BLFO യിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് അടിസ്ഥാന സൌകര്യം ഒരുക്കുന്നതിനായി ഫർണിച്ചറുകൾ, ഫാൻ, ലാപ്ടോപ്പ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങുന്നതിനായി അടങ്കൽ തുകയായ 1,00,000/- രൂപ വികസന ഫണ്ട് (ജനറൽ) ഇനത്തിൽ നിന്നും ചെലവഴിച്ചു. പതിനാലാം പഞ്ചവൽസര പദ്ധതി നടപ്പിലാക്കുന്നതിനുള്ള സബ്സിഡി ധനസഹായം അനുബന്ധ വിഷയം സംബന്ധിച്ച 28.05.2022 ലെ സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ ഖ.6.1.21 പ്രാദേശിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം നൽകുന്നതിന് കാർഷിക കർമ്മ സേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ, VFPCK ഇക്കോ ഷോപ്പുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, നാളികേര ഉൽപ്പാദക ഫെഡറേഷൻ, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി, കർഷക ഉൽപ്പാദക സംഘങ്ങൾ, സഹകരണ സംഘങ്ങൾ നടത്തുന്ന വിപണന കേന്ദ്രങ്ങൾ എന്നിവയ്ക്ക് സൌകര്യങ്ങൾ വർദ്ധിപ്പിക്കാൻ (കെട്ടിട നിർമ്മാണം ഒഴികെ) കെട്ടിട വാടക ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൌണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്ക് ആകെ തുകയുടെ 50%

വാർഷിക ധനസഹായമായി (ഫെബ്രുവരി മാസത്തിൽ) നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയ്ക്കായി ആകെ അടങ്കൽ കണക്കാക്കിയ 1,00,000/- രൂപയും 100% സബ്സിഡിയായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇത് മാർഗ്ഗരേഖാലംഘനമാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആകെ അനുവദനീയമായ സബ്സിഡി തുക അടങ്കൽ തുകയായ 1,00,000/- രൂപയുടെ 50% തുകയായ 50,000/- രൂപ മാത്രമാണ്. ആയതിനാൽ അധികമായി ചെലവ് ചെയ്ത 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖ ലംഘിച്ചുകൊണ്ട് ചെലവഴിച്ച ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/22.8.23

നിരാകരിച്ച തുക - 50,000/- രൂപ

## 1-18 പോഷകശ്രീ വനിത - സബ്സിഡി ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പോഷകശ്രീ വനിത പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും മാത്രം ഏറ്റെടുക്കാവുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുകയും, അനുവദനീയമായ സബ്സിഡി നിരക്കിൽ നിന്നും അധികമായി 2,11,875/- രൂപ ചെലവഴിക്കുകയും ചെയ്തു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പദ്ധതി നം | പോഷകശ്രീ വനിത (52/23) |
| അടങ്കൽ തുക | 16,87,500/- രൂപ (വികസന ഫണ്ട്)<br>8,43,600/- രൂപ (ഗുണ. വിഹിതം) |
| ചെലവ് തുക | 16,87,500/- രൂപ<br>(ബിൽ നം. 9/13.2.23 - 8,60,625/-<br>11/17.3.23 - 4,10,625/-<br>12/17.3.23 – 4,16,250/-) |

പ്രസ്തുത പദ്ധതി പ്രകാരം 7 പഞ്ചായത്തുകളിൽപ്പെട്ട 2 മുതൽ 10 പേരടങ്ങുന്ന വനിതാകർഷക ഗ്രൂപ്പുകൾക്ക് യൂണിറ്റ് ഒന്നിന് ജൈവവളം നിറച്ച 25 ചട്ടികളും, പച്ചക്കറി തൈകളും തിരിനനയും സ്ഥാപിച്ച് നൽകുന്നു. ആകെ 300 യൂണിറ്റുകൾക്ക് 8,437/- രൂപ നിരക്കിൽ 25,31,100/- രൂപയുടെ ബില്ലിന് ബിൽത്തുകയുടെ 67% തുകയായ 16,87,500/- രൂപ സബ്സിഡിയായി KAICO Ltd തിരുവല്ല എന്ന സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

പതിന്നാലാം പഞ്ചവത്സര പദ്ധതി സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.36 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ള പദ്ധതി ഇവിടെ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡി ഉത്തരവ് പ്രകാരം തിരിനന- 10 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന്, ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി 50% പരമാവധി 1000/- രൂപയാണ്.

പതിന്നാലാം പഞ്ചവത്സര പദ്ധതി സബ് സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.15 പ്രകാരം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടി തൈ ഉൾപ്പടെ 75% സബ്സിഡിയും, പച്ചക്കറി തൈകൾക്ക് 100% സബ്സിഡിയും അനുവദിക്കാമെന്നും, അവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് നിരക്ക് പ്രകാരം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് അനുവദനീയമായമായനിരക്ക് 125/- യും പച്ചക്കറിതൈകൾക്ക് ഒരെണ്ണത്തിന് 3/- രൂപയുമാണ്.

പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് അനുവദനീയമായമായ സബ്സിഡി നിരക്ക് 75% Of 125/- = 93.75/- രൂപ

പച്ചക്കറിതൈകൾക്ക് ഒരെണ്ണത്തിന് അനുവദനീയമായമായ സബ്സിഡി നിരക്ക് = 3/- രൂപ

പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് പച്ചക്കറിതൈ ഉൾപ്പടെ അനുവദനീയമായമായ സബ്സിഡി നിരക്ക് = 93.75+3 = 96.75/- രൂപ

25 എണ്ണം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് പച്ചക്കറിതൈ ഉൾപ്പടെ അനുവദനീയമായമായ

സബ്സിഡി നിരക്ക് = 96.75/-രൂപ X 25 = 2,418.75 രൂപ
തിരിനന - 10 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന്, ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി 50% പരമാവധി 1,000/- രൂപ
തിരിനന - 25 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന്, ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി = 50% പരമാവധി 2,500/- രൂപ
ആകെ 25 എണ്ണം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിയും, തിരിനന-25 ചട്ടിയും ഉൾപ്പെടുന്ന ഒരു യൂണിറ്റിന് അനുവദിക്കാവുന്ന സബ്സിഡി = 2418.75 + 2500 = 4,918.75/- രൂപ
ആകെ 25 എണ്ണം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിയും, തിരിനന-25 ചട്ടിയും ഉൾപ്പെടുന്ന 300 യൂണിറ്റിന് അനുവദിക്കാവുന്ന സബ്സിഡി = 4918.75/- രൂപ X 300 = 14,75,625/- രൂപ
അനുവദിച്ച സബ്സിഡി = 16,87,500/- രൂപ
അധികം അനുവദിച്ച സബ്സിഡി = 16,87,500 - 14,75,625 = 2,11,875/- രൂപ

ഇപ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പച്ചക്കറി കൃഷി ടെറസ്സിലും, മുറ്റത്തും പോട്ടിംഗ് മിശ്രിതം ഉൾപ്പടെ എല്ലാ വിഭാഗങ്ങൾക്കും 75% സബ്സിഡി നൽകാവുന്നതാണെന്നും തിരിനന ഈ പ്രോജക്ടിനോടൊപ്പം ജലസേചന സൌകര്യം കൂടി പരിഗണിച്ച് ചേർത്തതാണെന്നും, ഈ പദ്ധതി ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കാത്ത സാഹചര്യത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി കൂടി ടി പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചത് എന്നാണ്.
അനുവദനീയമായ സബ്സിഡി നിരക്കിൽ നിന്നും അധികമായി അനുവദിച്ച 2,11,875/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.
സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും മാത്രം ഏറ്റെടുക്കാവുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത് സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ആയതിനാൽ ആകെ ചെലവ് തുകയായ 16,87,500/- രൂപയും നിരാകരിക്കുന്നു.അതിൽ അനുവദനീയമായ സബ്സിഡി നിരക്കിൽ നിന്നും അധികമായി 2,11,875/- രൂപയുടെ ചെലവ്നഷ്ടം സംഭവിച്ചിട്ടുള്ളതായി ബോദ്ധ്യമാകുന്നു.
നിരാകരിച്ച തുക - 16,87,500/- രൂപ
ഓഡിറ്റ് എൻക്വയറി നം. 6/22.8.23

## 1-19 ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് പി.എം.എ.വൈ ആവാസ് പ്ലസ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ നാല് പേർ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് പദ്ധതി ആനുകൂല്യം അനുവദിക്കുന്നത്.

കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പേര് ശ്രീ /ശ്രീമതി | ഗ്രാമപഞ്ചായത്ത് | നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി പരിഗണിച്ചുള്ള കുറിപ്പുകൾ | അനുവദിച്ച തുക ₹ | ബാക്കി തുക ₹ |
|---|---|---|---|---|---|
| 1 | അജയ്ശ്രീ | കിഴക്കേ കല്ലട | ആദ്യഗഡു അനുവദിച്ച പണികൾ ആരംഭിച്ചിട്ടില്ല. | 48,000 | 3,52,000 |
| 2 | ലതിക | പെരിനാട് | ആദ്യഗഡു അനുവദിച്ച പണികൾ ആരംഭിച്ചിട്ടില്ല. | 48,000 | 3,52,000 |
| 3 | സ്മിത | പേരയം | 2 ഗഡുക്കൾ അനുവദിച്ച . | 88,000 | 3,12,000 |

| | | | | | |
|---|---|---|---|---|---|
| | | | പണികൾ ആരംഭിച്ചിട്ടില്ല. | | |
| 4 | വിജയചന്ദ്രൻ | കിഴക്കേ കല്ലട | 3 ഗഡുക്കൾ അനുവദിച്ചു . പണികൾ ആരംഭിച്ചിട്ടില്ല. | 1,60,000 | 2,40,000 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

## 1-20 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

2022-23 വർഷംചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് ഹരിതകർമ്മസേന ബ്ലോക്ക്തല സംഗമത്തിനായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശാനുസരണം 40,000/- രൂപ ഹരിതകർമ്മസേന സംഗമം കൺവീനറായ ജോയന്റ് ബി.ഡി.ഒ.യ്ക്ക് അഡ്വാൻസായി അനുവദിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം. 7604337/21.11.22 അഡ്വാൻസായി തുക അനുവദിച്ചെങ്കിലും ടി തുക ക്രമീകരിച്ചതിന്റെയോ ട്രഷറി അക്കൌണ്ടിലേയ്ക്ക് തിരികെ ഒടുക്കിയതിന്റെയോ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ടി തുക 2022-23 വർഷം ക്രമീകരിച്ചിട്ടില്ല എന്നും 2023-24 വർഷം തന്നെ ക്രമീകരിക്കുന്നതാണ് എന്നുമാണ്.

അഡ്വാൻസ് തുകകൾ മൂന്നുമാസത്തിനകം ക്രമീകരിച്ചിട്ടില്ലാത്തതിനാൽ 4-10-2011 തീയതിയിലെ ജി.ഒ.(പി).419/2011 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മുൻകൂർ തുക ഒന്നാകെ ഒടുക്കു തീയതി വരെ 18% പലിശ സഹിതം തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

നിരാകരിച്ച തുക – 40,000/- രൂപ

ഓഡിറ്റ് എൻക്വയറി നം – 12/23.8.23

## 1-21 ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല

ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്ക്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ് 13.01.2010 ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ,
കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. അതിനാൽ ഇത്തിക്കര ബ്ലോക്ക് സംബന്ധിച്ച എല്ലാ ആസ്തി വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-22 വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാധനങ്ങളുടെ വിലയായ 1,15,826/- രൂപ തടസ്സപ്പെടുത്തുന്നു

കുണ്ടറ താലൂക്ക് ആശുപത്രിയിൽ ജനിക്കുന്ന കുട്ടികൾക്ക് ഹൈപ്പോതെർമിയ ബാധിക്കാതെയിരിക്കാൻ വേണ്ടിയുള്ള സാധനങ്ങൾ വാങ്ങി നൽകുന്നതിന് മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണ ഉദ്യോഗസ്ഥയായി ചിറ്റുമലയുടെ കൺമണിക്കൊരു പൊൻമുത്തം എന്ന പദ്ധതി, സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) ഫണ്ടിൽ നിന്ന് 12,19,000/- രൂപയും തനത് ഫണ്ടിൽ നിന്ന് 1,000/- രൂപയും വകയിരുത്തി നടപ്പാക്കിയിട്ടുണ്ട്. റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 5,99,100/- രൂപ (ബിൽ നമ്പർ-32/24.03.2023) പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി തുക ഉപയോഗിച്ച് സുന്ദരം ടെക്സ്റ്റയിൽസ്, പോളയത്തോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന 1,997/- രൂപ വിലവരുന്ന ചുവടെ പറയുന്ന സാധനങ്ങൾ ഉൾപ്പെടുന്ന 300 കിറ്റുകൾ വാങ്ങിയതിൽ 242 എണ്ണം മാത്രമെ നാളിതുവരെ വിതരണം ചെയ്തിട്ടുള്ളൂ.

1. Cotton Flannel

2. King Size Cotton Bedsheet

3. Dry Sheet

4. Reusable Diaper

5. Baby Wear

6. Mosquito Net

7. Baby Soap

പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. താലൂക്ക് ആശുപത്രിയിൽ ജനിക്കുന്ന കുട്ടികൾക്ക് ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ആകുന്ന വേളയിൽ നൽകുന്നതിനായാണ് മേൽപ്പറഞ്ഞ പ്രകാരമുള്ള സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ പദ്ധതിപ്രകാരമുള്ള സാധനങ്ങൾ വാങ്ങി വിതരണം ചെയ്തിരിക്കുന്നത് 2023 ഏപ്രിൽ, മെയ് മാസങ്ങളിലാണ്. യഥാസമയം പദ്ധതി നടപ്പാക്കാത്തത് മൂലം ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ആകുന്ന വേളയിൽ തന്നെ സാധനങ്ങൾ വിതരണം ചെയ്യാൻ സാധിച്ചില്ല.

2. പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ 2022 നവംബർ മാസം മുതൽ ജനിച്ച കുട്ടികൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. കുട്ടി ജനിച്ച 6 മാസം വരെ കഴിഞ്ഞിട്ടാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചത്. ജനന സമയത്ത് കിട്ടേണ്ട തുണിത്തരങ്ങൾ മാസങ്ങൾക്ക് ശേഷം കിട്ടിയത് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | പ്രസവങ്ങളുടെ എണ്ണം | കിറ്റ് വിതരണം ചെയ്തത് (2023 ഏപ്രിൽ മുതൽ) |
|---|---|---|
| നവംബർ | 59 | 22 |
| ഡിസംബർ | 66 | 38 |
| ജനുവരി | 57 | 40 |
| ഫെബ്രുവരി | 50 | 34 |
| മാർച്ച് | 52 | 41 |
| ഏപ്രിൽ | 48 | 31 |
| മെയ് | 47 | 36 |
| ആകെ | | 242 |

ഈയിനത്തിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാധനങ്ങളുടെ വിലയായ (58/- @ ₹1997/-) 1,15,826/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക - 1,15,826/- രൂപ

ഓഡിറ്റ് എൻക്വയറി നം. - 03/21.08.2023

## 1-23 മരാമത്ത് പ്രവൃത്തിയ്ക്കായി കരാറുകാരൻ ഇൻഷ്വറൻസ് എടുത്തില്ല

പ്രോജക്ട് നം. 74/2023- പനയം ഗ്രാമപഞ്ചായത്തിലെ അമ്പഴവയൽ മുളയ്ക്കൽ ഭാഗം ഓട നിർമ്മാണം
അടങ്കൽ തുക - 5,29,615/- രൂപ (പൊതു വിഭാഗം)
കരാറ് തുക - 4,48,826/- രൂപ
ചെലവ് തുക - 4,99,954/- രൂപ
ബിൽ നം. 12/2023 തീ.29.03.2023
എഗ്രിമെന്റ് നം. 21/23/എൽ.എസ്.ജി.ഡി/എ.ഇ./സി.ടി.എം.എൽ/07.12.2022
കരാറുകാരൻ – ശ്രീ. സന്ദീപ് എസ്. പണിക്കർ

ഇ-ടെണ്ടറിനെ സംബന്ധിച്ച സർക്കാർ ഉത്തരവ് (ജി.ഒ.(പി.)നം.3/2017/പി.ഡബ്യൂ.ഡി./09.08.2017) ലെ നിബന്ധനകളിൽ പന്ത്രണ്ടായി കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരൻ്റെ ലെറ്റർ ഓഫ് അക്സപ്റ്റൻസ് ലെ ആറാം നിബന്ധനയിൽ കരാറുകാരൻ ,കരാർ തുകയുടെ .5% ശതമാനം ഏറ്റവും കുറഞ്ഞത് 2,00,000/- ലക്ഷം രൂപയുടെ ഇൻഷ്വറൻസ് എടുക്കാത്ത പക്ഷം കരാർ തുകയുടെ .2% തുക ഫൈൻ ആയി ബില്ലിൽ നിന്നും കിഴിച്ച് മാത്രമേ തുക അനുവദിക്കുകയുള്ളൂ.
മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരൻ ഇൻഷ്വറൻസ് പോളിസി രേഖ ഹാജരാക്കാത്തതിനാൽ ഫൈൻ ഇനത്തിൽ 898/- രൂപ (4,48,826/- രൂപ X .2% )ബില്ലിൽ നിന്നും ഈടാക്കി മാത്രമാണ് തുക നൽകേണ്ടിയിരുന്നത്.
അതിനാൽ 898/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി രേഖ ഹാജരാക്കേണ്ടതാണ്.

## 1-24 മരുന്ന് കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയില്ല - 13,52,244/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

കുണ്ടറ താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | വകയിരുത്തിയ തുക, ഫണ്ടിനം | ചെലവഴിച്ച തുക | പ്രൊഫോർമ്മ ഇൻവോയിസ് നമ്പർ | ബിൽ നം |
|---|---|---|---|---|
| പാലിയേറ്റീവ് ക്യാൻസർ രോഗികൾക്ക് മരുന്ന് വാങ്ങൽ (8/23) | 1,50,000/- M.G.(Non Road) | 1,50,000/- M.G.(Non Road) | 9497@N/2022/10 24.10.2022 | 10-04.11.2022 |
| കോവിഡ് രോഗബാധയുടെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ (19/23) | 1,00,003/- M.G.(Non Road) | 1,00,003/- M.G.(Non Road) | 10268@N/2023/2 08.01.2023 | 23-31.01.2023 |
| കുണ്ടറ താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ (7/23) | 15,00,000/- M.G.(Non Road) | 15,00,000/- M.G.(Non Road) (11,02,241/- രൂപയുടെ ചെലവ് ഹാജരാക്കിയില്ല) | 9496@N/2022/10 24.10.2022 10048@N/2023 /20.01.2023 10464@N/2023 | 30/20.03.2023 24/27.02.2023 22/31.01.2023 |

| | | | | |
|---|---|---|---|---|
| | | | /3/4.03.2023 | |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ഇൻ ഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനത്തിന് കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്ത 13,52,244/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 07/22.08.2023

തടസ്സപ്പെടുത്തിയ തുക - 13,52,244/- രൂപ

## 1-25 മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം കരാറുകാരൻ ഉപേക്ഷിച്ചു - തുടർ നടപടികൾ അനിവാര്യം

അസി. എക്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഇഞ്ചവിള ഗവൺമെന്റ് വൃദ്ധസദനത്തിൽ മാലിന്യസംസ്കരണ പ്ലാൻ്റിൻ്റെ നിർമ്മാണം 2019-2020 ൽ (പ്രോജക്ട് നം. 80/19) മൈക്രോടെക് വാട്ടർ സൊല്യൂഷസ് എന്ന കമ്പനി 4 മാസത്തെ നിർമ്മാണ കാലാവധിയിൽ പ്രവൃത്തികൾ ആരംഭിച്ചു. പ്ലാൻ്റ് നിർമ്മാണത്തിന് 25,03,339.25/- രൂപയാണ് മൈക്രോടെക് വാട്ടർ സൊല്യൂഷസിന് കരാർ ഉറപ്പിച്ചു നൽകിയത്. നിർമ്മാണ പ്രവൃത്തി നിശ്ചിത കാലാവധിയ്ക്കുള്ളിൽ പൂർത്തിയാക്കാത്തതിനെ തുടർന്ന് നാല് തവണ കരാർ നീട്ടിനൽകി. 2020-21 വരെ 16,23,323/- രൂപ പ്രവൃത്തിക്കായി ചെലവഴിച്ചു, (മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ കാണുക)


കോവിഡ് മഹാമാരിയെ തുടർന്ന് പ്രവൃത്തികൾ പൂർത്തിയാക്കാതെ കമ്പനി പദ്ധതി ഉപേക്ഷിച്ചു.നിരവധി തവണ കമ്പനിയ്ക്ക് കത്ത് നൽകിയെങ്കിലും പ്രതികരണം ഇല്ലാതിരുന്നതിനെ തുടർന്ന് ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി 27.06.2022ൽ (തീരുമാനം 2(6)) കരാർ റദ്ദാക്കി കരാറുകാരൻ്റെ നഷ്ടോത്തരവാദത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തീരുമാനിച്ചു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.08.2023 ലെ കത്തിൽ (നം. 1159/ജി/2018/എസ്.എം) 4,18,716/- രൂപയുടെ നിർമ്മാണ പ്രവൃത്തികൾ അവശേഷിക്കുന്നതായും ആയത് നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.











രേഖകൾ പരിശോധിച്ചതിൽ തൻ വർഷം സ്പിൽ ഓവർ പ്രോജക്റ്റ് (31/23) ആയി 6,94,899/- രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവ് നടത്തിയിട്ടില്ല. കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 1,26,000/- രൂപയും റിട്ടെൻഷൻ തുകയായ 37,709/- രൂപയും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. ആയത് ചെയ്ത് രേഖ ഹാജരാക്കേണ്ടതാണ്.

100 ഓളം അന്തേവാസികൾ ഉള്ള ഇഞ്ചവിള ഗവൺമെന്റ് വൃദ്ധസദനത്തിൽ മാലിന്യസംസ്കരണ പ്ലാന്റിന്റെ അഭാവം വലിയ തോതിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി സൂപ്രണ്ട് രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഭരണ സമിതിയുടെ സജീവമായ ഇടപെടൽ ടി വിഷയത്തിൽ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

## 1-26 സർക്കാർ ഉത്തരവ് പാലിക്കാതെ സിഡ്കോയിൽ നിന്ന് സാധനങ്ങൾ വാങ്ങിയ ചെലവ് തടസ്സപ്പെടുത്തുന്നു.

കൊല്ലം ഇഞ്ചവിള പ്രവർത്തിക്കുന്ന ഗവ. വൃദ്ധ സദനത്തിലേക്ക് നിർവ്വഹണോദ്യോഗസ്ഥനായ സൂപ്രണ്ട് പ്രോജക്റ്റ് നം. 68/23 പ്രകാരം സിഡ്കോ എന്ന അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും വിവിധ ഉപകരണങ്ങൾ ക്വട്ടേഷൻ / ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയിട്ടുണ്ട്. ടെലിവിഷൻ, റഫ്രിജറേറ്റർ, വാഷിംഗ് മെഷീൻ, സീലിംഗ് ഫാൻ, എയർ കൂളർ, പ്ലാസ്റ്റിക് കസേരകൾ തുടങ്ങിയ ബ്രാൻഡഡ് ഉല്പന്നങ്ങൾ ഉൾപ്പടെ 22 ഇനം സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്. 22.11.21 ലെ നം. 33/2021/SPD നമ്പർ സർക്കാർ ഉത്തരവിനോട് അനുബന്ധമായുള്ള ലിസ്റ്റിൽ ഉൾപ്പെടാത്ത ഉല്പന്നങ്ങൾ, സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ സംഭരണം നടത്തുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

നിലവിൽ വൃദ്ധസദനത്തിലേക്ക് വാങ്ങിയിട്ടുള്ള 22 ഇനം സാധനങ്ങളിൽ 'Stretcher On TrolleyFull SS 198 Cm X 53cm X76cm ' എന്ന ഒരു ഇനം മാത്രമാണ് മേൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രോജക്റ്റ് ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് ഇനം | ചെലവ് തുക | ബിൽ നം., തീയതി | സപ്ലൈ ഏജൻസി | ഇൻവോയിസ് നം., തീയതി |
|---|---|---|---|---|
| വികസന ഫണ്ട് (പൊതു.) | ₹4,99,988/- | 01/22-23 14.11.22 | സിഡ്കൊ | KLM/22-23/89 26.08.22 |

ഇൻവോയിസ് പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | ഇനം | എണ്ണം | തുക ₹ |
|---|---|---|---|
| 1 | Smart TV | 1 | 65,000 |
| 2 | Plastic Arm Chair-Nilkamal | 96 | 74,880 |

| | | | |
|---|---|---|---|
| 3 | Fridge Double Door | 1 | 49,900 |
| 4 | Ceiling Fan | 5 | 21,300 |
| 5 | Pedestal Fan | 1 | 35,500 |
| 6 | Air Cooler | 1 | 6,900 |
| 7 | Sewing Machine With Motor - Usha | 1 | 11,200 |
| 8 | Aluminium Ladder | 1 | 40,042 |
| 9 | Magazine Rack | 1 | 10,600 |
| 10 | IRR Lamp | 1 | 1,960 |
| 11 | Ultrasound Machine | 1 | 8,740 |
| 12 | Makintosh Sheet | 3 | 5,880 |
| 13 | Ankle Exercise | 1 Pkt | 3,670 |
| 14 | Position Bedpad | 2 | 3,520 |
| 15 | Hairwash Basin Bowl | 1 | 12,470 |
| 16 | Pillows | 3 | 2,610 |
| 17 | Body Positioning Pillow | 2 | 15,680 |
| 18 | Vaporiser | 1 | 1,870 |
| 19 | Cardiac Table | 1 | 7,800 |
| 20 | Nail Cutter | 2 | 780 |
| 21 | Stretcher On Trolley Full SS | 1 | 18,184 |
| 22 | Semi Automatic Washing Machine- Godrej | 1 | 16,900 |
| Total | ₹4,15,386/- | GST-₹84,602/- | ₹4,99,988/- (GST Added) |

'Stretcher On TrolleyFull SS 198 Cm X 53cm X76cm' എന്ന ഉപകരണത്തിന്റെ നികുതികൾ ഉൾപ്പടെ ആകെ വില ₹21,457/- ( ₹18,184 + 3273(GST)).

ഈ ഇനത്തിന്റെ വില കുറവു ചെയ്യുമ്പോൾ ബിൽ തുക ₹4,78,531/- ( ₹4,99,988 - ₹21,457 ).

സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങളും, സർക്കാർ ഉത്തരവും ലംഘിച്ചുകൊണ്ട് നടത്തിയ 4,78,531/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
തടസ്സപ്പെടുത്തുന്ന തുക – 4,78,531/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പത്താംതരം, പതിനൊന്നാംതരം, പന്ത്രണ്ടാം തരം തുല്യത, സാക്ഷരതാ തുല്യതാ പഠിതാക്കൾക്ക് ധനസഹായം - അനർഹർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി, നം. | പത്താംതരം, പതിനൊന്നാംതരം, പന്ത്രണ്ടാം തരം തുല്യത, |

| | |
|---|---|
| | സാക്ഷരതാ തുല്യതാ പഠിതാക്കൾക്ക് ധനസഹായം (41/23) |
| അടങ്കൽ തുക | 1,00,000/- രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 99,700/- രൂപ (57/29.2.23) |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തുടർ സാക്ഷരതാ പരിപാടി പദ്ധതിയിൽ പത്താം തരം തുല്യത പരീക്ഷയ്ക്കായി 12 പഠിതാക്കൾക്ക് 1,850/- രൂപ നിരക്കിൽ 22,200/- രൂപയും പതിനൊന്നാം തരം തുല്യത പരീക്ഷയ്ക്കായി 31 പഠിതാക്കൾക്ക് 2,500/- രൂപ നിരക്കിൽ 77,500/- രൂപയും ഉൾപ്പടെ ആകെ 99,700/- രൂപ സാക്ഷരതാ മിഷനിൽ 2022-23 സാമ്പത്തിക വർഷം ഒടുക്കിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. പതിനൊന്നാംതരം തുല്യതാ പഠിതാക്കളിൽ ഒരു ഗുണഭോക്താവായ ശ്രീ ജിതിൻ ജെ, കുഴിവിള മേലതിൽ, പ്രാക്കുളം, തൃക്കരുവ എന്ന വ്യക്തി പട്ടികജാതി വിഭാഗത്തിൽ പെട്ടതാണ് എന്ന് ഹാജരാക്കിയ രേഖകളിൽ കാണുന്നു. സർക്കാർ നിർദ്ദേശാനുസരണം പട്ടികജാതി വിഭാഗത്തിൽ പെടുന്ന ഗുണഭോക്താക്കളുടെ കോഴ്സ് ഫീസായ 2,500/- രൂപ പട്ടികജാതി വകുപ്പ് തന്നെ നിർവഹിക്കുമെന്ന് ഉള്ളതിനാൽ തദ്ദേശസ്ഥാപനത്തിൽ നിന്ന് തുക ചെലവഴിക്കേണ്ടതില്ല (സർക്കുലർ നം. 48360/എഫ്.എം.1/2009/ത.സ്വ.ഭ.വ. 6.10.2009).

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് സാക്ഷരതാ പ്രേരക്മാർ നൽകിയ പതിനൊന്നാംതരം പഠിതാക്കളുടെ ലിസ്റ്റിൽ ജൂൻസി എം, പുത്തൻവിള കിഴക്കതിൽ, തൃക്കരുവ എന്ന ജനറൽ വിഭാഗം പഠിതാവിന് പകരം ജിതിൻ ജെ, പ്ലാവിള മേലതിൽ എന്ന എസ്.സി വിഭാഗം പഠിതാവിന്റെ പേര് തെറ്റായി ഉൾപ്പെടുത്തിയതാണ് എന്ന് സാക്ഷരതാ പ്രേരക് അറിയിച്ചിട്ടുണ്ട് എന്നാണ്. എന്നാൽ അഞ്ചാലുംമൂട് വികസന വിദ്യാകേന്ദ്രത്തിലെ പ്രേരകിന്റെ പഠിതാക്കളുടെ ലിസ്റ്റിൽ ജൂൻസി എം,പുത്തൻവിള കിഴക്കതിൽ, തൃക്കരുവ എന്ന ജനറൽ വിഭാഗം പഠിതാവ് ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പട്ടികജാതി വിഭാഗത്തിൽ പെട്ട ഗുണഭോക്താവായ ജിതിൻ ജെ, പ്ലാവിള മേലതിൽ എന്ന ഗുണഭോക്താവിനായി ഒടുക്കിയ കോഴ്സ് ഫീസായ 2,500/- രൂപ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

നിരാകരിച്ച തുക - 2,500/- രൂപ

ഓഡിറ്റ് എൻക്വയറി നം. 1/21.8.23

## 3-2 പോഷകശ്രീ വനിത - സബ്സിഡി ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പോഷകശ്രീ വനിത പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും മാത്രം ഏറ്റെടുക്കാവുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുകയും, അനുവദനീയമായ സബ്സിഡി നിരക്കിൽ നിന്നും അധികമായി 2,11,875/- രൂപ ചെലവഴിക്കുകയും ചെയ്തു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പദ്ധതി നം | പോഷകശ്രീ വനിത (52/23) |
| അടങ്കൽ തുക | 16,87,500/- രൂപ (വികസന ഫണ്ട്)<br>8,43,600/- രൂപ (ഗുണ. വിഹിതം) |
| ചെലവ് തുക | 16,87,500/- രൂപ<br>(ബിൽ നം. 9/13.2.23 - 8,60,625/-<br>11/17.3.23 - 4,10,625/-<br>12/17.3.23 – 4,16,250/-) |

പ്രസ്തുത പദ്ധതി പ്രകാരം 7 പഞ്ചായത്തുകളിൽപ്പെട്ട 2 മുതൽ 10 പേരടങ്ങുന്ന വനിതാകർഷക ഗ്രൂപ്പുകൾക്ക് യൂണിറ്റ് ഒന്നിന് ജൈവവളം നിറച്ച 25 ചട്ടികളും, പച്ചക്കറി തൈകളും തിരിനനയും സ്ഥാപിച്ച് നൽകുന്നു. ആകെ 300 യൂണിറ്റുകൾക്ക് 8,437/- രൂപ നിരക്കിൽ 25,31,100/- രൂപയുടെ ബില്ലിന് ബിൽത്തുകയുടെ 67% തുകയായ 16,87,500/- രൂപ സബ്സിഡിയായി KAICO Ltd തിരുവല്ല എന്ന സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

പതിന്നാലാം പഞ്ചവത്സര പദ്ധതി സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.36 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ള പദ്ധതി ഇവിടെ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡി ഉത്തരവ് പ്രകാരം തിരിനന- 10 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന്, ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി 50% പരമാവധി 1000/- രൂപയാണ്.

പതിന്നാലാം പഞ്ചവത്സര പദ്ധതി സബ് സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.15 പ്രകാരം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടി തൈ ഉൾപ്പടെ 75% സബ്സിഡിയും, പച്ചക്കറി തൈകൾക്ക് 100% സബ്സിഡിയും അനുവദിക്കാമെന്നും, അവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് നിരക്ക് പ്രകാരം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് അനുവദനീയമായമായനിരക്ക് 125/- യും പച്ചക്കറിതൈകൾക്ക് ഒരെണ്ണത്തിന് 3/- രൂപയുമാണ്.

പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് അനുവദനീയമായമായ സബ്സിഡി നിരക്ക് 75% Of 125/- = 93.75/- രൂപ

പച്ചക്കറിതൈകൾക്ക് ഒരെണ്ണത്തിന് അനുവദനീയമായമായ സബ്സിഡി നിരക്ക് = 3/- രൂപ

പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് പച്ചക്കറിതൈ ഉൾപ്പടെ അനുവദനീയമായമായ സബ്സിഡി നിരക്ക് = 93.75+3 = 96.75/- രൂപ

25 എണ്ണം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് പച്ചക്കറിതൈ ഉൾപ്പടെ അനുവദനീയമായമായ സബ്സിഡി നിരക്ക് = 96.75/-രൂപ X 25 = 2,418.75 രൂപ

തിരിനന - 10 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന്, ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി 50% പരമാവധി 1,000/- രൂപ

തിരിനന - 25 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന്, ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി = 50% പരമാവധി 2,500/- രൂപ

ആകെ 25 എണ്ണം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിയും, തിരിനന-25 ചട്ടിയും ഉൾപ്പെടുന്ന ഒരു യൂണിറ്റിന് അനുവദിക്കാവുന്ന സബ്സിഡി = 2418.75 + 2500 = 4,918.75/- രൂപ

ആകെ 25 എണ്ണം പോർട്ടിംഗ് മിശ്രിതം നിറച്ച ചട്ടിയും, തിരിനന-25 ചട്ടിയും ഉൾപ്പെടുന്ന 300 യൂണിറ്റിന് അനുവദിക്കാവുന്ന സബ്സിഡി = 4918.75/- രൂപ X 300 = 14,75,625/- രൂപ

അനുവദിച്ച സബ്സിഡി = 16,87,500/- രൂപ

അധികം അനുവദിച്ച സബ്സിഡി = 16,87,500 - 14,75,625 = 2,11,875/- രൂപ

ഇപ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പച്ചക്കറി കൃഷി ടെറസ്സിലും, മുറ്റത്തും പോട്ടിംഗ് മിശ്രിതം ഉൾപ്പടെ എല്ലാ വിഭാഗങ്ങൾക്കും 75% സബ്സിഡി നൽകാവുന്നതാണെന്നും തിരിനന ഈ പ്രോജക്ടിനോടൊപ്പം ജലസേചന സൌകര്യം കൂടി പരിഗണിച്ച് ചേർത്തതാണെന്നും, ഈ പദ്ധതി ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കാത്ത സാഹചര്യത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി കൂടി ടി പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചത് എന്നാണ്.

അനുവദനീയമായ സബ്സിഡി നിരക്കിൽ നിന്നും അധികമായി അനുവദിച്ച 2,11,875/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും മാത്രം ഏറ്റെടുക്കാവുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത് സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ആയതിനാൽ ആകെ ചെലവ് തുകയായ 16,87,500/- രൂപയും നിരാകരിക്കുന്നു. അതിൽ അനുവദനീയമായ സബ്സിഡി നിരക്കിൽ നിന്നും അധികമായി 2,11,875/- രൂപയുടെ ചെലവ്നഷ്ടം സംഭവിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നു.

നിരാകരിച്ച തുക - 16,87,500/- രൂപ

ഓഡിറ്റ് എൻക്വയറി നം. 6/22.8.23

## 3-3 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ - പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനത്തിന് അടിസ്ഥാന സൌകര്യം ഒരുക്കുന്നതിന് അധിക

സബ്സിഡി അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പദ്ധതിയുടെ പേരും, നമ്പരും | BLFO യ്ക്ക് അടിസ്ഥാന സൌകര്യം ഒരുക്കൽ, 60/23 |
| അടങ്കൽ തുക | 1,00,000/- രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 1,00,000/- രൂപ<br>(ബിൽ നം. 2/3.1.23 – 53,335/-<br>- 3/12.1.23 – 5,980/-<br>- 4/31.1.23 – 5,446/-<br>- 6/31.1.23 – 35,239/-) |

BLFO യിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് അടിസ്ഥാന സൌകര്യം ഒരുക്കുന്നതിനായി ഫർണിച്ചറുകൾ, ഫാൻ, ലാപ്ടോപ്പ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങുന്നതിനായി അടങ്കൽ തുകയായ 1,00,000/- രൂപ വികസന ഫണ്ട് (ജനറൽ) ഇനത്തിൽ നിന്നും ചെലവഴിച്ചു. പതിനാലാം പഞ്ചവൽസര പദ്ധതി നടപ്പിലാക്കുന്നതിനുള്ള സബ്സിഡി ധനസഹായം അനുബന്ധ വിഷയം സംബന്ധിച്ച 28.05.2022 ലെ സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ ഖ.6.1.21 പ്രാദേശിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം നൽകുന്നതിന് കാർഷിക കർമ്മ സേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ, VFPCK ഇക്കോ ഷോപ്പുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, നാളികേര ഉൽപ്പാദക ഫെഡറേഷൻ, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി, കർഷക ഉൽപ്പാദക സംഘങ്ങൾ, സഹകരണ സംഘങ്ങൾ നടത്തുന്ന വിപണന കേന്ദ്രങ്ങൾ എന്നിവയ്ക്ക് സൌകര്യങ്ങൾ വർദ്ധിപ്പിക്കാൻ (കെട്ടിട നിർമ്മാണം ഒഴികെ) കെട്ടിട വാടക ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൌണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്ക് ആകെ തുകയുടെ 50% വാർഷിക ധനസഹായമായി (ഫെബ്രുവരി മാസത്തിൽ) നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയ്ക്കായി ആകെ അടങ്കൽ കണക്കാക്കിയ 1,00,000/- രൂപയും 100% സബ്സിഡിയായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇത് മാർഗ്ഗരേഖാലംഘനമാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആകെ അനുവദനീയമായ സബ്സിഡി തുക അടങ്കൽ തുകയായ 1,00,000/- രൂപയുടെ 50% തുകയായ 50,000/- രൂപ മാത്രമാണ്. ആയതിനാൽ അധികമായി ചെലവ് ചെയ്ത 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖ ലംഘിച്ചുകൊണ്ട് ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/22.8.23
നിരാകരിച്ച തുക - 50,000/- രൂപ

3-4 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

2022-23 വർഷംചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് ഹരിതകർമ്മസേന ബ്ലോക്ക്തല സംഗമത്തിനായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശാനുസരണം 40,000/- രൂപ ഹരിതകർമ്മസേന സംഗമം കൺവീനറായ ജോയന്റ് ബി.ഡി.ഒ.യ്ക്ക് അഡ്വാൻസായി അനുവദിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം. 7604337/21.11.22 അഡ്വാൻസായി തുക അനുവദിച്ചെങ്കിലും ടി തുക ക്രമീകരിച്ചതിന്റെയോ ട്രഷറി അക്കൌണ്ടിലേയ്ക്ക് തിരികെ ഒടുക്കിയതിന്റെയോ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ടി തുക 2022-23 വർഷം ക്രമീകരിച്ചിട്ടില്ല എന്നും 2023-24 വർഷം തന്നെ ക്രമീകരിക്കുന്നതാണ് എന്നുമാണ്.

അഡ്വാൻസ് തുകകൾ മൂന്നുമാസത്തിനകം ക്രമീകരിച്ചിട്ടില്ലാത്തതിനാൽ 4-10-2011 തീയതിയിലെ ജി.ഒ.(പി).419/2011 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മുൻകൂർ തുക ഒന്നാകെ ഒടുക്കുു തീയതി വരെ 18% പലിശ സഹിതം തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

നിരാകരിച്ച തുക – 40,000/- രൂപ

ഓഡിറ്റ് എൻക്വയറി നം – 12/23.8.23

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 19.8.23, 20.08.23 | കെ.എസ്.എ.കെ.എൽ.എം.പി4/1568/23 തീയതി – 31/10/2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2022-23 | 26,46,000 | PMAY | 26,46,000 | 0 |
| ജില്ല പഞ്ചായത്ത് | | 28,42,000 | PMAY(SCP) | 28,42,000 | 0 |
| ആകെ | | 54,88,000 | | 54,88,000 | |
| കിഴക്കെ കല്ലട | 2022-23 | 3,50,000 | PMAY(SCP) | | 3,50,000 |
| പെരിനാട് | | 4,90,000 | | | 4,90,000 |
| പനയം | | 4,20,000 | | | 4,20,000 |
| തൃക്കരുവ | | 1,40,000 | | | 1,40,000 |
| മൺറോതുരുത്ത് | | 4,20,000 | | | 4,20,000 |
| കുണ്ടറ | | 4,90,000 | | | 4,90,000 |
| കിഴക്കെ കല്ലട | | 4,90,000 | PMAY(General) | | 4,90,000 |
| പെരിനാട് | | 5,60,000 | | | 5,60,000 |
| പേരയം | | 1,40,000 | | | 1,40,000 |
| പനയം | | 2,80,000 | | | 2,80,000 |
| തൃക്കരുവ | | 2,10,000 | | | 2,10,000 |
| മൺറോതുരുത്ത് | | 2,10,000 | | | 2,10,000 |
| കുണ്ടറ | | 2,80,000 | | | 2,80,000 |
| ആകെ | | 44,80,000 | | | 44,80,000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8,23,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 8,23,000/- |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8,23,000/- |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | ഖ - 25 | 2001-02 | ഖ - 2-3-1 | അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 26 | 2001-02 | ഖ - 2-3-(ii) | ധാന്യകറിപ്പൊടി നിർമ്മാണ യൂണിറ്റ് - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 27 | 2001-02 | ഖ - 2-3-(iii) | കശുവണ്ടി സംസ്കരണ വിപണന സംഘം - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 29 | 2001-02 | ഖ - 2-1-(iv) | മാർക്കറ്റിംഗ് സെയിൽസ് സഹകരണ സംഘം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1998-99 മുതൽ 2005-06 വരെ | ഖ - 3-9 | 2007-08 | 3-11-1 | അഞ്ചാലുംമൂട് ലേബർ കോപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1998-99 മുതൽ 2005-06 വരെ | 3-11-2 | 2007-08 | ഖ - 3-10 | റോഡ് റോളർ വാങ്ങിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |
| 1998-99 മുതൽ 2005-06 വര | ഖ - 3-24 | 2007-08 | ഖ - 3-11-3 | 1998-99 മുതൽ 2005-06 വരെ<br>വൃദ്ധസദനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി തുക നൽകിയത് - പണി നടന്നിട്ടില്ല | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | (നിഷ്ക്രിയ ആസ്തികൾ) | 2014-15 | ഖ - 4-1-15 | തൃക്കടവൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിനായി 5,50,596/- രൂപ ചെലവിട്ട് | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| | | | | വാങ്ങിയ ആംബുലൻസ് നാശോന്മുഖമായി | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,500/- | ശ്രീ. സക്കീർ ഹുസൈൻ, സെക്രട്ടറി |
| 3-2 | | 16,87,500/- | ശ്രീമതി രാജി ബി.റ്റി, കൃഷി അസ്സി. ഡയറക്ടർ |
| 3-3 | | 50,000/- | ശ്രീമതി രാജി ബി.റ്റി, കൃഷി അസ്സി. ഡയറക്ടർ |
| 3-4 | | 40,000/- | ശ്രീ. സക്കീർ ഹുസൈൻ, സെക്രട്ടറി |
| | ആകെ | 17,80,000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 2,00,000/- | ശ്രീ. സുനിൽകുമാർ. എസ്. എൽ, പട്ടികജാതി വികസന ഓഫീസർ |
| 1-14 | 1,25,000/- | ശ്രീ. സുനിൽകുമാർ. എസ്. എൽ, പട്ടികജാതി വികസന ഓഫീസർ |
| 1-16 | 1,85,118/- | ശ്രീ. സക്കീർ ഹുസൈൻ, സെക്രട്ടറി |
| | 2,75,495/- | ശ്രീ. ദിനിൽ. ആർ, സെക്രട്ടറി |
| | 3,54,195/- | ശ്രീമതി ഹസീന, അസി. എക്സി. എഞ്ചിനീയർ |
| | 3,54,196/- | ശ്രീമതി പ്രിയ കെ. ജി, അസി. എഞ്ചിനീയർ |
| 1-22 | 1,15,826/- | ശ്രീമതി. സീമ ശിവാനന്ദ്, മെഡിക്കൽ ഓഫീസർ-സി.എച്ച്.സി |
| 1-24 | 13,52,244 /- | ശ്രീമതി. സീമ ശിവാനന്ദ്, മെഡിക്കൽ ഓഫീസർ-സി.എച്ച്.സി |
| 1-26 | 4,78,531/- | ശ്രീ. മോഹനൻ. സി, സൂപ്രണ്ട്, ഗവ. വൃദ്ധസദനം |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സക്കീർ ഹുസൈൻ, സെക്രട്ടറി | സെക്രട്ടറി,<br>ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | കുന്നംപുറത്ത് വീട്,<br>അണ്ടൂർക്കോണം പി. ഒ,<br>പോത്തൻകോട്, തിരുവനന്തപുരം- |

| | | |
|---|---|---|
| | | 695584 |
| ശ്രീ. ദിനിൽ ആർ, സെക്രട്ടറി | സെക്രട്ടറി, | ശ്രീദേവി, പുന്നമൂട്, വർക്കല പി. ഒ, അയിരൂർ, തിരുവനന്തപുരം |
| ശ്രീമതി രാജി ബി. റ്റി, കൃഷി അസ്സി. ഡയറക്ടർ | കൃഷി അസ്സി. ഡയറക്ടർ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | മണക്കാട്ടുവീട്, പൂവറ്റൂർ കിഴക്ക്, കുളക്കട പി. ഒ. |
| ഡോ. ബിന്ദു. വെറ്ററിനറി സർജ്ജൻ | വെറ്ററിനറി ഹോസ്പിറ്റൽ, കുണ്ടറ | സോപാനം, കട്ടയിൽ, ഓടനാവട്ടം പി. ഒ. |
| ശ്രീ. സുനിൽകുമാർ. എസ്.സി.ഡി.ഒ | പട്ടികജാതി വികസന ഓഫീസ്, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണവിലാസം, ഉണ്ടത്തിൽ. പി. ഒ, കാര്യവട്ടം, തിരുവനന്തപുരം |
| ശ്രീമതി. സീമ ശിവാനന്ദ് മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി, കുണ്ടറ | ഉള്ളിരുപ്പിൽ, ശ്രീനഗർ, ഹൌസ് നം- 58 , കടപ്പാക്കട, കൊല്ലം |
| ശ്രീ. മോഹനൻ. ബി, സൂപ്രണ്ട്, ഗവ. വൃദ്ധസദനം | സൂപ്രണ്ട്, ഗവ. വൃദ്ധസദനം, കാസർഗോഡ് | മോഹന മന്ദിരം, എഴുകോൺ പി. ഒ, കൊല്ലം. |
| ശ്രീമതി ഹസീന, അസി. എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | സഫയർ, ചന്ദനത്തോപ്പ് പി. ഒ, കേരളപുരം, കൊല്ലം. |
| ശ്രീമതി പ്രിയ കെ. ജി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | മാധവം, മുരുന്തൽ, പെരിനാട് പി. ഒ, കൊല്ലം-691601. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05<br>2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി4/293/2020, തീയതി-08.09.2020 | 1 |
| 2007-08 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1094/2018, തീയതി-04.09.2018 | 2 |
| 2008-09 | കെ.എസ്സ്.എ-കെ.എൽ.എം-പി4/291/2018, തീയതി-23.05.2019 | 5 |
| 2009-10 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1755/2018, തീയതി-13.05.2019 | 8 |
| 2010-11 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1232/2017, തീയതി-14.05.2017 | 4 |
| 2011-12 | കെ.എസ്സ്.എ-കെ.എൽ.എം-പി4/അദാലത്ത്-11-12/1619/22, തീയതി-29-8-22 | 4 |
| 2012-13<br>2013-14 | കെ.എസ്സ്.എ-കെ.എൽ.എം-പി4/അദാലത്ത്-2012-132013-14/1619/22, തീയതി-29-8-22 | 6 |

| | | |
|---|---|---|
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം-പി4/അദാലത്ത്-15-16/1619/22,<br>തീയതി-29-8-22 | 1 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1124/2018,<br>തീയതി-27.07.2019 | 3 |
| 2017-18 | കെ.എസ്സ്.എ-കെ.എൽ.എം-പി4/434/2020(1),<br>തീയതി-19.08.2020 | 9 |
| 2018-19 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1184/2020,<br>തിയതി : 24.02.2021 | 21 |
| 2019-20 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1184/2020,<br>തിയതി : 24.02.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1184/2020,<br>തിയതി : 24.02.2021 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്സ്.എ-കെ.എൽ.എം-പി4/515/2023,<br>തിയതി : 13.04.2023 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number IV(1) dated 12-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chittumala Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Chittumala Block Panchayat for the year 2022-2023

Date: 08/11/2023

Senior Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Chittumala Block Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. Notes on accounts including key accounting policies and key ratios are not submitted with the annual financial statement.
2. Central Finance Commission Grant in Balance sheet B-4 schedule & RP 40(b) are not tallying.
3. Registers are not maintained properly for verifying the amount in B4 and B7 Schedule of Balance sheet.
4. Expenditure details of Rs. 19,99,013/- included as Capital work in progress is not

produced and is not tallying with the amount in RP40.

5. The Indian Bank Account No. 77278636 of MGNREGS is not included in the Annual Financial Statement.

6. The account balance in Account No. 3194 of Perayam Service co-operative Bank, and BPFA 1-2 of Treasury own fund is not reconciled with Annual Financial Statement.

7. The expenditure of PMAY project is not tallying with the Sulekha statement.

8. The expenditure of PMAY projects are not completely included in Sulekha statement.

9. The uncashed treasury bills are included in web Sankhya ACR.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്